**WEBSITE: www.keralapsc.gov.in**
**E-MAIL:kpsc.psc@kerala.gov.in**
**Telephone :0471-2546250/224**

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ. EST1A5/50007/2018-KPSC തിരുവനന്തപുരം
Old File No. ESTT 1 (5) 34803-10-GW തീയതി : 03/11/2021

## ക്വട്ടേഷൻ നോട്ടീസ്

കേരള പബ്ലിക് സർവീസ് കമ്മീഷൻ ആസ്ഥാന ഓഫീസിലെ കമ്മീഷൻ ഹാളിൽ സ്ഥാപിച്ചിട്ടുള്ള പബ്ലിക് അഡ്രസ്സ് സിസ്റ്റത്തിന് (PA System) പകരം AHUJA/STUDIO MASTER മുതലായ ബ്രാൻഡിലുള്ള പുതിയ സിസ്റ്റം സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിനായി ഇവ സപ്ലൈ ചെയ്യുന്ന അംഗീകൃത ഡീലർമാർ/സ്ഥാപനങ്ങൾ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| Short Description of Item |
| --- |
| PA System for Commission Hall consists of Central Amplifier, Delegate Units with connector – 29 No.s, CMC Unit with Connector, Amplifier with digital player, Recording System, Wall Speaker, Automatic Feedback Terminator, Etc. |

**നിബന്ധനകൾ**:-

1. ക്വട്ടേഷൻ സമർപ്പിക്കാൻ താല്പര്യമുള്ളവർക്ക് **15/11/2021** വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ കമ്മീഷൻ ഹാൾ നേരിൽ കണ്ട് പരിശോധിക്കാവുന്നതാണ്.

2. പ്രവർത്തന മികവും കമ്പനിയുടെ ആധികാരികതയും തെളിയിക്കുന്നതിനായി ആവശ്യമായ രേഖകൾ ക്വട്ടേഷനിൽ ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

3. മുദ്ര വച്ച ക്വട്ടേഷനുകൾ സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം എന്ന വിലാസത്തിൽ **16/11/2021 വൈകുന്നേരം 2 മണിക്കുള്ളിൽ** ഈ ആഫീസിൽ ലഭിക്കത്തക്ക വിധം തപാൽ മാർഗ്ഗമോ, നേരിട്ടോ സമർപ്പിക്കേണ്ടതാണ്.

4. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല. മുദ്രവച്ച ക്വട്ടേഷനുകൾ അടങ്ങിയ കവറിന്റെ പുറത്ത് **"Quotation for Public Address System Commission Hall"** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

5. ക്വട്ടേഷനോടൊപ്പം 5% നിരതദ്രവ്യം തിരുവനന്തപുരത്ത് മാറാവുന്ന വിധം "സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ" എന്ന പേരിൽ, ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്.

6. **16/11/2021 ഉച്ചയ്ക്കുശേഷം 3.00** മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതും അനുയോജ്യമായത് സ്ഥിരപ്പെടുത്തുന്നതുമാണ്.

7. ക്വട്ടേഷൻ അംഗീകരിച്ച് സപ്ലൈ ഓർഡർ ലഭിച്ച് കഴിഞ്ഞാൽ സ്വന്തം ചെലവിൽ 10 ദിവസത്തിനുള്ളിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇൻവോയിസ്/ബില്ലിന്റെ പകർപ്പുകൾ ഹാജരാക്കുന്ന മുറയ്ക്ക് തുക ഇലക്ട്രോണിക് ട്രാൻസ്ഫറായി നൽകുന്നതായിരിക്കും.

8. ക്വട്ടേഷൻ സ്ഥിരപ്പെടുത്താനോ റദ്ദാക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതും സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

9. കൂടുതൽ വിവരങ്ങൾക്ക് 0471-2546250 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

Sd/-

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മീഷൻ

പകർപ്പ് :-

1) പി.ആർ. യൂണിറ്റ്
2) എൻക്വയറി
3) നോട്ടീസ് ബോർഡ്
4) സാർജന്റ്
5) വെബ്സൈറ്റ്
6) സ്റ്റോക്ക് ഫയൽ

*L/05/11/21*